LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരി സബ്ട്രഷറിയിൽ അധിക തസ്തികകൾ അനുവദിക്കാൻ നടപടി

23 [1155] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സബ്ട്രഷറിയിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ തസ്തികകൾ എല്ലാം നികത്തപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ നടന്നുവരുന്ന ട്രഷറി ഇടപാടുകളുടെ ആധിക്യം കണക്കിലെടുത്ത് ആവശ്യമായ തസ്തിക അനുവദിക്കുന്നതിന് വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പതിനൊന്ന് തസ്തികകൾ അനുവദിച്ചിട്ടുണ്ട് (11).

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ലോട്ടറി, എക്സൈസ് വകുപ്പുകളിലൂടെയുള്ള വരുമാനം

24 [1156] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി, എക്സൈസ് വകുപ്പുകളിലൂടെ 2001 മാർച്ച് 31-നുശേഷം ഇതേവരെ ഓരോ വർഷവും സംസ്ഥാന ഗവൺമെന്റ് പ്രതീക്ഷിച്ച വരുമാനം എത്ര കോടിയുടേതാണ്;

(ബി) യഥാർത്ഥത്തിൽ എത്ര കോടിയുടെ വരുമാനം ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്;

(സി) ലോട്ടറി എക്സൈസ് വകുപ്പുകളിലൂടെയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു എന്ന് കരുതുന്നുണ്ടോ;

(ഡി) ഈ രണ്ടു വകുപ്പുകളിലുമായി ഖജനാവിലേയ്ക്ക് വരേണ്ട എത്ര തുക വീതം ഇനിയും പിരിച്ചെടുക്കേണ്ടതുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ലോട്ടറി, എക്സൈസ് വകുപ്പുകളിലൂടെ 2001 മാർച്ച് 31-നുശേഷം പ്രതീക്ഷിച്ചതും, ലഭിച്ചതുമായ വരുമാനത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. ഭാഗ്യക്കുറികളുടെ സമ്മാനഘടന കാലോചിതമായും ആകർഷകമായും പരിഷ്ക്കരിച്ച് വിൽപ്പന ഉർജ്ജിതപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ച് വരികയാണ്. നികുതി വർദ്ധനവിലൂടെയുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയതിനാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 2002-2003, 2003-2004 വർഷങ്ങളിൽ യഥാക്രമം 122 കോടി രൂപയുടേയും 7 കോടി രൂപയുടേയും വരുമാന വർദ്ധനവ് എക്സൈസ് വകുപ്പിൽ ഉണ്ടായിട്ടുണ്ട്.

(ഡി) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില മുൻകൂറായി വാങ്ങിയതിനുശേഷമാണ് ടിക്കറ്റുകൾ വിൽക്കുന്നത്. എക്സൈസ് വകുപ്പിൽ 2004 മാർച്ച് 31 വരെ 282,07,94,000 രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട്. ഈ തുകയുടെ സിംഹഭാഗവും 2001-നു മുമ്പ് ഷാപ്പുകൾ ലേലം ചെയ്തുകൊടുത്ത വകയിൽ ലഭിക്കാനുള്ളതാണ്.

സംസ്ഥാന ലോട്ടറിയുടെ വിറ്റുവരവ്

25 [1157] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ ഓരോ ലോട്ടറിയിലും വിറ്റുവരവായി എന്തു തുക ലഭിച്ചു എന്നത് സംബന്ധിച്ച് തരം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ഓരോ ലോട്ടറിയിലും എന്തു തുക സമ്മാനമായി നൽകി എന്നും എന്തു തുക ഏജന്റ് കമ്മീഷനായി നൽകി എന്നും ഓരോ ലോട്ടറിയുടേയും തരം തിരിച്ചുള്ള വിവരം നൽകുമോ;

(സി) ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓരോ ലോട്ടറിയുടേയും പരസ്യത്തിനായി എന്തു തുക ചെലവഴിച്ചു എന്നും ഓരോ ലോട്ടറിക്കും ആകെ ചെലവ് എത്രയാണെന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ലോട്ടറി വിപുലമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം III

[7-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 24 (1156)-ന്റെ ഉത്തരം ദയവായി കാണുക]

### കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

| വർഷം | പ്രതീക്ഷിച്ച വരുമാനം | ലഭിച്ച വരുമാനം |
|---|---|---|
| 2001-02 | 150,05,00,000 | 122,69,01,335 |
| 2002-03 | 171,25,00,000 | 131,68,89,055 |
| 2003-04 | 140,04,86,000 | 134,98,12,565 |

### എക്സൈസ് വകുപ്പ്

| | | |
|---|---|---|
| 2001-02 | 744.22 കോടി രൂപ | 534,09,14,545 |
| 2002-03 | 748.40 കോടി രൂപ | 656,48,51,981 |
| 2003-04 | 800.00 കോടി രൂപ | 663,55,35,979 |

## അനുബന്ധം IV

[7-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 67 (1199)-ന്റെ ഉത്തരം ദയവായി കാണുക]

### അനുബന്ധം 1

### കൃഷിഭവൻ ഇല്ലാത്ത പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള കണക്കും പേരും

| ജില്ല | പേര് | | എണ്ണം |
|---|---|---|---|
| കൊല്ലം | പനയം, ഇളംപള്ളൂർ | .. | 2 |
| ആലപ്പുഴ | പുന്നപ്ര നോർത്ത്, ആലപ്പുഴ നോർത്ത് | .. | 2 |
| കോട്ടയം | മണർക്കാട് | .. | 1 |
| ഇടുക്കി | മാങ്കുളം | .. | 1 |
| എറണാകുളം | ഒക്കൽ | .. | 1 |
| മലപ്പുറം | ചൊക്കാട്, പോത്തുകല്ല്, കണ്ണമംഗലം, പെരുമണ്ണ, പെരുവള്ളൂർ, മംഗലം, നിറമരുതൂർ | .. | 7 |
| കോഴിക്കോട് | പെരുമണ്ണക്ലാരി | .. | 1 |
| വയനാട് | മുപ്പൈനാട് | .. | 1 |
| കണ്ണൂർ | ചെറുപുഴ, ഉളിയ്ക്കൽ | .. | 2 |
| കാസർഗോഡ് | കല്ലാർ, കുറ്റിക്കോൽ | .. | 2 |
| | ആകെ | .. | 20 |

LIBRARY ARCHIVES Kerala Legislative Assembly